ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സംസ്ഥാനത്തുള്ള വനങ്ങളിൽ നിന്ന് മരങ്ങൾ കളവായി മുറിച്ചുപോകുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇക്കൊല്ലം വനത്തിൽനിന്ന് മരം കളവായി മുറിച്ചതിന് 1316 കേസ്സുകൾ എടുത്തിട്ടുണ്ട്.

(ബി) അങ്ങിനെയുള്ള എല്ലാ കേസ്സുകളിലുംകൂടി ഉദ്ദേശം 74,145 രൂപ, 8 അണ നഷ്ടം കാണിച്ചിട്ടുണ്ട്.

എക്സിക്യൂട്ടീവും ജൂഡീഷ്യറിയും വിഭജനം.

* 816 [69] ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) എക്സിക്യൂട്ടീവ് ജൂഡീഷ്യറി വിഭജനത്തെക്കുറിച്ച് വല്ല പരാതികളും ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതികളിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) വിഭജനത്തെ തുടർന്ന് പൊതുജനങ്ങൾക്ക് നേരിട്ടുന്ന വിഷമങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്. 107-ാം വകുപ്പിലെ നടപടികൾ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടന്മാർക്ക് വിട്ടുകൊടുത്തതിനെപ്പറ്റി ചില പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി) ഈ കാര്യത്തെ ഗവണ്മെൻറ് പുനഃപരിശോധന നടത്തുന്നുണ്ട്.

(സി) പൊതുവേ വിഷമങ്ങൾ എന്തെങ്കിലും ഉള്ളതായി അറിവില്ല.

കൃഷി ജലസേചനത്തിനായിട്ടുള്ള തോട്.

* 817 [76] ശ്രീ. യു. നീലകണ്ഠൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടയ്ക്കാവൂർ പകുതിയിൽ വെറും പുറമ്പോലായിൽ കൃഷി ജലസേചനത്തിനായി പൊതുഉപയോഗത്തിലിരിക്കുന്ന ഒരു തോടിനു വേണ്ടി 5 സെൻറ് സ്ഥലം അക്വയർ ചെയ്യണമെന്ന് 2-7-1955-ൽ നാട്ടുകാർ അപേക്ഷിച്ചിട്ടുണ്ടോ; എന്തു നടപടി നടത്തി?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഉണ്ട്.

നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ജൂഡീഷ്യറിയും എക്സിക്യൂട്ടീവും.

* 818 [88] ശ്രീ. പി. ഭാസ്കരൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly